യഹൂദരെയും നസ്വാറാക്കളെയും അല്ലാഹു ശപിക്കട്ടെ! തങ്ങളുടെ നബിമാരുടെ ഖബ്റുകളെ അവർ ആരാധനാകേന്ദ്രങ്ങളാക്കി

ആഇശാ (رَضيَ اللهُ عنها) നിവേദനം: നബി ﷺ യുടെ മരണം നടന്ന രോഗം ബാധിച്ച വേളയിൽ അവിടുന്ന് പറയുമായിരുന്നു: "യഹൂദരെയും നസ്വാറാക്കളെയും അല്ലാഹു ശപിക്കട്ടെ! തങ്ങളുടെ നബിമാരുടെ ഖബ്റുകളെ അവർ ആരാധനാകേന്ദ്രങ്ങളാക്കി ." ആഇശാ (رَضيَ اللهُ عنها) പറയുന്നു: ഇക്കാര്യം നബി (ﷺ) യുടെ കാര്യത്തിലും ഭയപ്പെട്ടില്ലായിരുന്നെങ്കിൽ അവിടുത്തെ ഖബ്ർ (ജനങ്ങൾക്ക് വീക്ഷിക്കാവുന്ന വിധത്തിൽ) പ്രകടമാകുമായിരുന്നു. എന്നാൽ അവിടുത്തെ ഖബ്ർ മസ്ജിദാക്കപ്പെടുമെന്ന ഭയമുണ്ടായിരുന്നു."

[صحيح] [متفق عليه]

മുഅ്മിനീങ്ങളുടെ മാതാവായ ആഇശ (رَضِيَ اللهُ عنها) നബി ﷺ തന്റെ വഫാത്തിന്റെ രോഗത്തിൽ പറയാറുണ്ടായിരുന്ന കാര്യമാണ് ഈ ഹദീഥിലൂടെ അറിയിക്കുന്നത്. നബി ﷺ പറയുമായിരുന്നു: "യഹൂദരെയും നസ്വാറാക്കളെയും അല്ലാഹു ശപിക്കുകയും അവന്റെ കാരുണ്യത്തിൽ നിന്ന് അവരെ അകറ്റുകയും ചെയ്യട്ടെ ! കാരണം തങ്ങളുടെ നബിമാരുടെ ഖബ്റുകളെ അവർ ആരാധനാകേന്ദ്രങ്ങളാക്കിയിരിക്കുന്നു. ഖബ്റുകൾക്ക് മീതെ കെട്ടിടം പണിഞ്ഞു കൊണ്ടും, അവയുടെ അരികിലും അവയിലേക്ക് തിരിഞ്ഞു കൊണ്ടും ആരാധനകൾ നിർവ്വഹിച്ചുമാണ് അവർ ഖബ്റുകളെ ആരാധനാകേന്ദ്രങ്ങളാക്കിയത്. ശേഷം ആഇശാ (رَضِيَ اللهُ عنها) പറഞ്ഞു: "നബി ﷺ വിലക്കുകയും അവിടുന്ന് താക്കീത് നൽകുകയും ചെയ്ത കാരണത്താലും, നബി ﷺ യുടെ ഖബ്റിന്റെ അടുക്കൽ യഹൂദനസ്വാറാക്കൾ ചെയ്തു കൂട്ടിയത് പോലുള്ള കാര്യങ്ങൾ സംഭവിക്കുമോ എന്ന ഭയം കാരണത്താലുമാണ് നബി ﷺ യുടെ ഖബ്ർ (ആഇശാ (رَضِيَ اللهُ عنها) യുടെ മുറിക്കുള്ളിലായത്). അതല്ലായെങ്കിൽ, അവിടുത്തെ ഖബ്ർ ജനങ്ങൾക്ക് കാണാവുന്ന വിധത്തിൽ ആകുമായിരുന്നു.

http://www.sunnah.global/hadeeth/ml/show/5379